അഹം ഹരേ തവ പാദൈകമൂല ദാസാനുദാസോ ഭവിതാസ്മി ഭൂയ:
മന: സ്മരേതാസുപതേർഗുണാംസ്തേ ഗൃണീത വാക് കർമ്മ കരോതു കായ: **(6-11-24)**
ന നാകപൃഷ്ഠം നച പാരമേഷ്ഠ്യം ന സാർവഭൗമം ന രസാധിപത്യം
ന യോഗസിദ്ധീരപുനർഭവം വാ സമഞ്ജസ ത്വാ വിരഹയ്യ കാങ്ക്ഷേ **(6-11-25)**
അജാതപക്ഷാ ഇവമാതരം ഖഗാ: സ്തന്യം യഥാ വത്സതരാ: ക്ഷുധാർത്താ:
പ്രിയം പ്രിയേവ വ്യുഷിതം വിഷണ്ണാ മനോ*ƒ*രവിന്ദാക്ഷ ദി ദൃക്ഷതേ ത്വാം **(6-11-26)**

ശുകമുനി തുടർന്നു: രാക്ഷസന്മാർ വൃത്രൻെറ വാക്കുകൾക്ക് വിലകൽപ്പിക്കാതെ പിന്തിരിഞ്ഞോടിക്കൊണ്ടിരുന്നു. ക്രോധാകുലനായി വൃത്രൻ ദേവന്മാരോട് പറഞ്ഞു. "ദേവന്മാരായ നിങ്ങൾ ഈ രാക്ഷസശരീരങ്ങളെ പീഢിപ്പിക്കുന്നതിൽ വൃഥാ ആനന്ദം കൊള്ളുന്നതെന്തിനാണ്? അവർ അവരുടെ അമ്മമാർ വിസർജ്ജിച്ച വെറും ശരീരങ്ങൾ മാത്രമല്ലേ? പേടിച്ച് പിന്തിരിഞ്ഞോടുന്നവരെ വീണ്ടും പീഢിപ്പിക്കുന്നത് വീരതയുടെ ലക്ഷണമാണോ? ശരിക്കും ധൈര്യശാലികളെങ്കിൽ എന്നെ നേരിടുക." ഇത്രയും പറഞ്ഞ് വൃത്രൻ ദേവന്മാരുടെ പടയിലേക്ക് കുതിച്ചുചെന്ന് അവരെ ചവിട്ടി തള്ളി. ഇന്ദ്രൻ തൻെറ ഗദയുമായി വൃത്രനെ വധിക്കാൻ ചെന്നു. വൃത്രൻ തൻെറ ഇടതുകയ്യാൽ അതിനെ തട്ടിമാറ്റി. അതേ ഗദയാൽ വൃത്രൻ ഇന്ദ്രൻെറ ആനയെ അടിച്ചു. പതറിപ്പോയ ആന പിന്തിരിയാൻ തുടങ്ങിയെങ്കിലും ഇന്ദ്രൻെറ തലോടലിൽ അത് വീണ്ടും മുന്നോട്ടു കുതിച്ചു. പക്ഷേ വൃത്രൻ പിന്നീട് ആക്രമിച്ചില്ല. പകരം ഇന്ദ്രനോട് ഇങ്ങിനെ പറഞ്ഞു.

"ബ്രഹ്മഹത്യ നടത്തിയ വീരൻെറ മുന്നിൽ നിൽക്കുന്നതിൽ എനിക്കു സന്തോഷമുണ്ട്. എൻെറ സഹോദരനെ അധാർമ്മികമായ രീതിയിൽ കൊന്നതിന് പകരം ചോദിച്ച് ഞാൻ എൻെറ കടം വീട്ടും. അദ്ദേഹം നിങ്ങളുടെ ഗുരുവും, ഒരു ബ്രാഹ്മണനുമായിരുന്നു. പാപമില്ലാത്തവനും, ആത്മസാക്ഷാൽക്കാരം നേടിയവനും ആയിരുന്നു. നിങ്ങൾക്കു വേണ്ടി ഒരു യാഗകർമ്മത്തിലേർപ്പെട്ടിരിക്കുമ്പോഴാണ് നിങ്ങൾ അദ്ദേഹത്തെ വധിച്ചത്. ഒരുപക്ഷേ ഞാനാണിപ്പോൾ മരിക്കുന്നതെങ്കിൽ എൻെറ ശരീരം പക്ഷികളും വന്യമൃഗങ്ങളും കൊത്തിക്കീറി ആസ്വദിക്കട്ടെ. അങ്ങിനെ കർമ്മപാശത്തിൽനിന്നു മുക്തനായി ഞാൻ മഹാത്മാക്കളുടെ പാദരേണുക്കളിൽ അഭയം തേടും.

അല്ലയോ ഇന്ദ്രാ, നീയെന്തുകൊണ്ട് വജ്രായുധം ഉപയോഗിക്കുന്നില്ല? നിൻെറ ഗദക്കുണ്ടായ തോൽവി അതിനുണ്ടാവില്ല തീർച്ച. കാരണം, ദദീചിമഹർഷിയുടെ തപ:ശക്തിയാൽ ഭഗവാൻെറ ശക്തിതന്നെയാണ് അതിനെ നയിക്കുന്നത്. ഭഗവാനുള്ളിടത്തേ ജയവും, ഐശ്വര്യവും, ശ്രേഷ്ടതയും ഉണ്ടാവൂ. നീ എന്നെ വജ്രായുധം കൊണ്ട് വധിക്കുമ്പോൾ ഞാൻ ഭഗവാനെ ധ്യാനിച്ച് മാമുനിമാരെത്തിച്ചേരുന്ന ആ സവിധത്തിൽ ചെല്ലും. അല്ലയോ ഇന്ദ്രാ, ഭഗവാൻ തൻെറ ഭക്തന് ഈ മൂന്ന് ലോകങ്ങളിലേയും സുഖങ്ങൾ നൽകുന്നില്ല. കാരണം, ഇഹലോകസുഖങ്ങൾ പകയും, ഭയവും, പൊങ്ങച്ചവും, ദുരിതവുമുണ്ടാക്കാൻ പോന്നവയത്രെ. ഭഗവാൻ തൻെറ ഭക്തൻെറ ഇഹലോകപരവും സ്വർഗ്ഗലോകപരവുമായ ഉൽക്കർഷേച്ഛകൾക്ക് തടസ്സമുണ്ടാക്കി, അവൻെറ മനസ്സ് ഭഗവൽപ്രേമത്തിൽ ഏകോന്മുഖമാക്കി തീർക്കുന്നു. ഇങ്ങിനെയുണ്ടാവുന്ന വിഘ്നങ്ങളിൽ ഭഗവൽക്കാരുണ്യമാണ് ഒരുവൻ ദർശിക്കേണ്ടത്.

ഞാൻ ഭഗവാനോട് പ്രാർത്ഥിക്കുന്നു: മരണശേഷം ഞാൻ അങ്ങയുടെ ഭക്തരുടെ ദാസനായി ജനിക്കാനിടയാകട്ടെ. എൻെറ മനസ്സ് അങ്ങിൽ ധ്യാനഭരിതവും, വാക്ക് അങ്ങേ പുകൾപാടിയും, ശരീരം അങ്ങേയ്ക്ക് വേണ്ട സേവകൾചെയ്തും കഴിയുമാകാറാകട്ടെ. ഞാൻ അങ്ങേയ്ക്ക് വേണ്ടി മാത്രമേ കൊതിക്കുന്നുള്ളൂ. ധ്രുവനു കിട്ടിയ സ്ഥാനമോ ബ്രഹ്മപദവിയോ ഞാനാഗ്രഹിക്കുന്നില്ല. യോഗശക്തിയോ നിർവ്വാണപദമോ പോലും എനിക്കു വേണ്ട. അവിടുത്തെ സ്മരണയിൽ ഹൃദയം നിറയ്ക്കാൻ ഞാൻ കൊതിക്കുന്നു. ചിറകുമുളച്ച പക്ഷിക്കുഞ്ഞുങ്ങൾ അമ്മയുടെ അകിടു തിരയുന്നതു പോലെയും, കാന്തനുവേണ്ടി ഒരു സ്ത്രീ കാത്തിരിക്കുന്നതുപോലെയും തിവ്രമാണെൻെറ അഭിവാഞ്ച."